(ബി) എങ്കിൽ ധനസഹായം അനുവദിച്ച ഏജൻസി, പദ്ധതി, തുക എന്നിവയുടെ വർഷം തിരിച്ചുള്ള വിശദാംശം നൽകുമോ ;

(സി) ധനസഹായവുമായി ബന്ധപ്പെട്ട് പുതിയ അപേക്ഷകൾ പരിഗണനയിലുണ്ടോ ; എങ്കിൽ ഏജൻസി, പദ്ധതി, തുക എന്നിവയുടെ വിശദാംശം നൽകുമോ ;

(ഡി) സർക്കാരിതര ഏജൻസികൾക്ക് ധനസഹായം നൽകുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) പരിഗണനയിൽ ഇല്ല.

(ഡി) ധനസഹായം നൽകുന്നതിലേക്കായി ടൂറിസം വകുപ്പിൽ നിന്നും മാനദണ്ഡം രൂപപ്പെടുത്തിയിട്ടില്ല.

തനതു കേരള ഗ്രാമം

118 (1874) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം നിയോജക മണ്ഡലത്തിൽ വെള്ളാറിനു സമീപമുള്ള തനതു കേരള ഗ്രാമത്തിന്റെ എസ്റ്റിമേറ്റ് തുക ഇപ്പോൾ എത്രയെന്നും നിർമ്മാണം ഏറ്റെടുത്തത് ഏത് കമ്പനിയാണെന്നും അറിയിക്കുമോ :

(ബി) ടെണ്ടർ പ്രകാരം പണി പൂർത്തീകരിക്കേണ്ട കാലാവധി എന്നാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോവളം നിയോജകമണ്ഡലത്തിൽ വെള്ളാറിനു സമീപമുള്ള തനതു കേരള ഗ്രാമത്തിന്റെ പണികൾക്കായി ഇപ്പോൾ റീ-ടെണ്ടർ ചെയ്തിട്ടുള്ളതും ഇപ്പോഴത്തെ ടെണ്ടർ തുകയായ രണ്ടു കോടി ആറു ലക്ഷം രൂപയ്ക്ക് ശ്രീ. അശോക് കുമാർ എക്സിക്യൂട്ടിംഗ് ഏജൻസിയായ മെസേഴ്സ് കിറ്റ്കോയിൽ നിന്നും റീ-ടെണ്ടർ ഏറ്റെടുത്തിട്ടുള്ളതുമാകുന്നു.

(ബി) റീ-ടെണ്ടർ പ്രകാരം കാലാവധി മൂന്നു മാസമാണ് 2011 ഫെബ്രുവരിയോടുകൂടി പണി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly